**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1611** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഗൃഹശ്രീ ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗൃഹശ്രീ ഭവന പദ്ധതി വഴി 2022-2023 വർഷത്തിൽ സംസ്ഥാനത്ത് എത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഗൃഹശ്രീ ഭവന പദ്ധതി വഴി 2022-2023 വർഷത്തിൽ നിർമ്മിച്ച് നൽകിയ ഭവനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മെഡിക്കൽ കോളേജുകളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും താമസസൗകര്യമൊരുക്കുന്ന ആശ്വാസ് വാടക ഭവന പദ്ധതി പ്രകാരം ഈ സർക്കാർ വന്ന ശേഷം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (ബി) | ആശ്വാസ് വാടക വീട് പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>ആശ്വാസ് വാടക വീട് പദ്ധതി, തൃശ്ശൂർ മെഡിക്കൽ കോളേജ്</u><br><br>2 നിലകളിലായി 75 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് 06.01.2024 തീയതിയിൽ ഉദ്ഘാടനം ചെയ്തു.<br><br><u>ആശ്വാസ് വാടക വീട് പദ്ധതി, ആലപ്പുഴ മെഡിക്കൽ കോളേജ്</u><br><br>3 നിലകളിലായി 106 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 60% നിർമ്മാണം പൂർത്തിയായി.<br><br><u>ആശ്വാസ് വാടക വീട് പദ്ധതി, കണ്ണൂർ മെഡിക്കൽ കോളേജ്</u><br><br>3 നിലകളിലായി 106 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 75% നിർമ്മാണം പൂർത്തീകരിച്ചു.<br><br><u>ആശ്വാസ് വാടക വീട് പദ്ധതി, കോട്ടയം മെഡിക്കൽ കോളേജ്</u><br><br>3 നിലകളിലായി 106 കിടക്കകളുള്ള കെട്ടിട പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭൂമി ബോർഡിന് താൽക്കാലികമായി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.<br><br>ആശ്വാസ് വാടക വീട് പദ്ധതി, ഇടുക്കി മെഡിക്കൽ കോളേജ്<br><br>പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭൂമി ബോർഡിന് താൽക്കാലികമായി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി എവിടെയെല്ലാം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | തൃശ്ശൂർ ജില്ലയിൽ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ആലപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിൽ പദ്ധതി പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ല | 2022-2023 വർഷത്തിൽ നിർമ്മിച്ച ഭവനങ്ങളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 39 |
| 2. | കൊല്ലം | 09 |
| 3. | പത്തനംതിട്ട | 23 |
| 4. | ആലപ്പുഴ | 15 |
| 5. | കോട്ടയം | 36 |
| 6. | ഇടുക്കി | 20 |
| 7. | എറണാകുളം | 11 |
| 8. | തൃശ്ശൂർ | 48 |
| 9. | പാലക്കാട് | 76 |
| 10. | മലപ്പുറം | 142 |
| 11. | കോഴിക്കോട് | 40 |
| 12. | വയനാട് | 08 |
| 13. | കണ്ണൂർ | 11 |
| 14. | കാസർഗോഡ് | 03 |
| | **ആകെ** | 481 |